(14) കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി

ശ്രീ. എഴുകോൺ നാരായണൻ : സർ, സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കാൻ സർക്കാർ അടിയന്തിരനടപടി സ്വീകരിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇൻഡ്യയ്ക്ക് ഏറ്റവും കൂടുതൽ വിദേശ നാണ്യം നേടിത്തരുന്ന കശുവണ്ടി വ്യവസായത്തിൽ രണ്ട് ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ 90 ശതമാനവും സ്ത്രീകളും പാവപ്പെട്ടവരുമാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ നിരക്കിൽ ജോലി ചെയ്യുന്നതും കശുവണ്ടി വ്യവസായത്തിൽ പണിയെടുക്കുന്ന തൊഴിലാളികളാണ്. അതുകൊണ്ടുതന്നെ കാലതാമസം കൂടാതെ കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ മിനിമം കൂലി സർക്കാർ നോട്ടിഫിക്കേഷനിലൂടെ പുതുക്കി നിശ്ചയിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)* : ബഹുമാനപ്പെട്ട എഴുകോൺ നാരായണൻ ഇവിടെ ചൂണ്ടിക്കാണിച്ചപോലെ കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. രണ്ട് ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതു സംബന്ധിച്ച് ആദ്യം നിർദ്ദേശം വന്നത് കമ്മിറ്റിയെ നിയോഗിച്ച് അത് പുതുക്കാം എന്നുള്ളതായിരുന്നു. പക്ഷേ, തൊഴിലാളികളുടെ വിവിധ യൂണിയനുകൾ ഉൾപ്പെടെ സമരരംഗത്ത് വന്ന് അവരുമായുള്ള ചർച്ചയിൽ ധാരണയുണ്ടാക്കിയതുപ്രകാരം 51(ബി) നോട്ടിഫിക്കേഷൻ അനുസരിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. പത്ത് ദിവസത്തിനകം നോട്ടിഫിക്കേഷൻ ഇറക്കാൻ കഴിയുമെന്ന് കരുതുന്നു.

(15) എള്ളേരി അഡ്ജോയിനിംഗ് വില്ലേജസ് കുടിവെള്ള പദ്ധതി പൂർത്തിയാക്കാൻ നടപടി

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ വെസ്റ്റ് എള്ളേരി പഞ്ചായത്തിൽ എൽ.ഐ.സി.-യുടെ സഹായത്തോടെ ആരംഭിച്ച എള്ളേരി അഡ്ജോയിനിംഗ് വില്ലേജസ് കുടിവെള്ള പദ്ധതി ഇപ്പോൾ പാതി വഴിയിലാണ്. കിണറും വാട്ടർ ടാങ്കും പൂർത്തിയായെങ്കിലും ഫണ്ടിന്റെ അഭാവംകൊണ്ട് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഈ പ്രദേശത്ത് കുടിവെള്ളമെത്തിക്കുന്നതിന് ഈ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ ഫണ്ട് ലഭ്യമാക്കാനും നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കാനും നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly